മുത്തങ്ങ: ഗീതാനന്ദനെതിരെ കൊലക്കുറ്റം; ജാനു ആക്രമണക്കേസ് പ്രതി

സ്വന്തം ലേഖകൻ

കൊച്ചി: മുത്തങ്ങ കേസിൽ എം. ഗീതാനന്ദൻ ഉൾപ്പെടെ 22 പേർക്കെതിരെ കൊലക്കുറ്റത്തിനു സി.ബി.ഐ. കുറ്റപത്രം സമർപ്പിച്ചു. സി.കെ. ജാനുവിനെ കൊലക്കേസിൽ നിന്നൊഴിവാക്കി.

പൊലീസ് കോൺസ്റ്റബിൾ വിനോദിനെ കൊലപ്പെടുത്തിയ കേസിൽ അശോകൻ, ബിനു എന്നിവരും കൊലക്കുറ്റം ആരോപിക്കപ്പെട്ട പ്രതികളിൽ പെടും. ഈ കേസിൽ മൊത്തം 57 പ്രതികളുണ്ടെങ്കിലും നിയമവിരുദ്ധ സംഘംചേരലിൽ പങ്കാളികളായെന്ന ആരോപണമേ 35 പേർക്കെതിരായുള്ളൂ.

വനപാലകരെയും പൊലീസുകാരെയും ആക്രമിക്കുകയും ബന്ദികളാക്കുകയും ചെയ്തെന്ന കേസിൽ 74 പേരും ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തിയെന്ന കേസിൽ 53 പേരും പ്രതികളാണ്. ആറു കേസുകളിൽ നാലെണ്ണത്തിൽ കൂട്ടായ കുറ്റപത്രവും മറ്റു രണ്ടു കേസുകളിൽ വെവ്വേറെ കുറ്റപത്രങ്ങളുമാണ് സി.ബി.ഐ ചെന്നൈ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി: വി.കെ.രഘുകുമാർ സമർപ്പിച്ചിട്ടുള്ളത്.

ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് എൻ. അനിൽകുമാർ കേസ് പിന്നീടു പരിഗണിക്കും.

കേസിൽ നേരത്തെ പ്രതിയായിരുന്ന ഡയറ്റ് അധ്യാപകൻ സുരേന്ദ്രൻ, ക്യാമറാമാൻ എ.കെ. രാമദാസ് എന്നിവരെ പ്രതി സ്ഥാനത്തു നിന്നൊഴിവാക്കി.

മൂന്നു കേസുകളിലായി ആദ്യ റിപ്പോർട്ടിൽ പ്രതി സ്ഥാനത്തുണ്ടായിരുന്ന 239 ആദിവാസികളെയും ഒഴിവാക്കി. മറ്റൊരു പ്രതി തിരുനെല്ലി അപ്പപ്പാറ സ്വദേശി സുനിൽ കുമാറിനെ മാപ്പുസാക്ഷിയാക്കി.

പൊലീസ് വെടിവയ്പിൽ മരിച്ച ആദിവാസി ജോഗി പ്രതിസ്ഥാനത്തുണ്ട്. ഇയാൾക്കും പിന്നീടു മരിച്ച ഗോപാലൻ എന്നയാൾക്കുമെതിരായ കുറ്റപത്രം കാലഹരണപ്പെട്ടതായി സി. ബി.ഐ. ബോധിപ്പിച്ചു.

കുറ്റകരമായ ഗൂഢാലോചന, നിയമവിരുദ്ധമായി സംഘംചേരൽ, അതിക്രമിച്ചു കടക്കൽ, ദേഹോപദ്രവം ഏൽപിക്കൽ, തടഞ്ഞുവയ്ക്കൽ, നാശനഷ്ടം ഉണ്ടാക്കൽ, പൊതുമുതൽ നശിപ്പിക്കൽ പ്രേരണ തുടങ്ങിയ കുറ്റകൃത്യങ്ങളാണ് ഒരു കേസിൽ സി. കെ. ജാനു ഉൾപ്പെടെയുള്ളവർക്കെതിരെ ആരോപിച്ചിട്ടുള്ളത്. മറ്റൊരു കേസിലെ പ്രധാന ആരോപണം ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തലാണ്. ഈ കേസിൽ സി.കെ. ജാനുവാണ് ഒന്നാം പ്രതി.

ഗീതാനന്ദൻ ഒന്നാം പ്രതിയായ കൊലക്കേസിൽ കൊലപാതകത്തിനു പുറമെ വധശ്രമം, ദേഹോപദ്രവം ഏൽപിക്കൽ, ഔദ്യോഗിക കൃത്യനിർവഹണം തടയൽ എന്നീ കുറ്റങ്ങളും ആരോപിച്ചിട്ടുണ്ട്.

മുത്തങ്ങ വൈൽഡ് ലൈഫ് ഓഫിസിലെ ഫോറസ്റ്റർ എ. മൂസ, ബത്തേരി സബ് ഇൻസ്പെക്ടർ പി. വിശ്വംഭരൻ, ചെത്തലത്ത് ഫോറസ്റ്റ് റേഞ്ച് ഓഫിസർ പി. വിജയൻ, മാനന്തവാടി ഡിവൈ.എസ്.പി: കെ.വി. സതീശൻ എന്നിവരുടെ പരാതികൾ അടിസ്ഥാനമാക്കി റജിസ്റ്റർ ചെയ്തിരുന്ന കേസുകളിലാണ് സി.ബി.ഐ. കുറ്റപത്രം.

ആഘോഷം പോലെ ഫിലിപ്പീൻസിലെ റമസാൻ

റമസാൻ – 05, ചൊവ്വ

നമസ്കാര സമയം

ളുഹർ:12.14, അസർ: 3.34,
മഗ്‌രിബ്:6.09,
ഇശാഅ്: 7.18,
സുബ്ഹി: 5.02

ഫിലിപ്പീൻസിൽ റമസാൻ മാസം ആഘോഷംപോലെയാണ്. ഫിലിപ്പീൻസിലെ കുട്ടികളാണ് റമസാന്റെ മുഖ്യ ആകർഷണം. നോമ്പുതുറ കഴിഞ്ഞാൽ കുട്ടികൾ വീടുകളിൽനിന്ന് അലങ്കാരവസ്ത്രങ്ങളണിഞ്ഞ് പുറത്തിറങ്ങും. കയ്യിൽ റാന്തൽ വിളക്കും ചുണ്ടിൽ നാടൻപാട്ടുമായി ചെറുസംഘങ്ങളായി തൊട്ടടുത്ത പള്ളികളിലെത്തും. പള്ളിയിൽ നമസ്കാരത്തിനെത്തുന്നവരെ സ്വീകരിക്കുകയാണ് കുട്ടികളുടെ പ്രധാന ജോലി. പ്രഭാതസമയത്ത് ഓരോ വീട്ടിലും കയറിയിറങ്ങി അത്താഴത്തിനു വീട്ടുകാരെ വിളിച്ചുണർത്തുന്നതും കുട്ടികളാണ്.

റമസാൻ പിറ കണ്ടാൽ ഫിലിപ്പീൻസുകാർ പുണ്യമാസത്തെ വരവേൽക്കാൻ പ്രത്യേക പ്രാർഥന നടത്താറുണ്ട്. ഈ പ്രാർഥനയിൽ കുട്ടികളും സ്ത്രീകളുമടക്കം എല്ലാവരും പങ്കെടുക്കണമെന്ന് ഇവർക്കു നിർബന്ധമാണ്. ഫിലിപ്പീൻസുകാർക്ക് ബന്ധുക്കളെ പരസ്പരം കാണാൻ വർഷത്തിലൊരിക്കലുള്ള നല്ല അവസരംകൂടിയാണിത്.

ഫിലിപ്പീൻസിലെ നോമ്പുതുറയ്ക്കും പ്രത്യേകതയേറെയാണ്. വാഴപ്പഴം, പഞ്ചസാര, പാൽ, നാളികേരം എന്നിവയുപയോഗിച്ചുണ്ടാക്കുന്ന വിശിഷ്ടമായ പാനീയംകൊണ്ടാണ് നോമ്പുതുറ തുടങ്ങുക. മാംസവും സുഗന്ധവ്യഞ്ജനങ്ങളും ചേർത്തുണ്ടാക്കുന്ന കാരീ എന്ന പ്രത്യേക വിഭവമാണ് പിന്നെ കഴിക്കുക. മാംസമോ മത്സ്യമോ ഉപയോഗിച്ച് തയാറാക്കുന്ന സീയുവാൻ സിവാൻ എന്ന വിഭവവും റമസാൻ കാലത്തെ നിത്യവിഭവങ്ങളിലൊന്നാണ്.

നോമ്പുതുറയ്ക്കുള്ള വിഭവങ്ങളെല്ലാം അത്താഴത്തിനും കഴിക്കാറുണ്ട്. അതിനുപുറമേ ഹൽവാ, വെണ്ണയിൽ പൊരിച്ചെടുത്ത് തേനിൽ മുക്കി കഴിക്കുന്ന പ്രത്യേക തരം പലഹാരം, ജാഹ്, ബാവലു, കുസ്താർദ് എന്നിവയും ഫിലിപ്പീൻസിലെ അത്താഴ വിഭവങ്ങളാണ്.

റമസാനിൽ പരസ്പരം വീടുകൾ സന്ദർശിക്കുന്നത് ഫിലിപ്പീൻസ് മുസ്‌ലിംകളുടെ റമസാൻ ആചാരമാണ്. റമസാൻ മാസത്തിൽ ഏതു ധനികന്റെ വീട്ടിലേക്കും ദരിദ്രനു കയറിച്ചെല്ലാമെന്നാണു നാട്ടുനടപ്പ്.

ഏഷ്യയുടെ തെക്കുകിഴക്കു ഭാഗത്തെ ദ്വീപസമൂഹമായ ഫിലിപ്പീൻസ്, ധാരാളം മുസ്‌ലിംകളുള്ള രാജ്യമാണ്.

–മുബാറക്

സ്കൂട്ടറിടിച്ച് പരുക്കേറ്റു

കോഴിക്കോട്: ചൂലൂർ റേഷൻകടയ്ക്ക് സമീപം സ്കൂട്ടറിടിച്ച് പരുക്കേറ്റ കൽപകശ്ശേരി രാധാകൃഷ്ണന്റെ മകൾ സ്വപ്നയെ(ആറ്) മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബസിറങ്ങി അമ്മയോടൊപ്പം നടന്നു പോകവേയാണ് സംഭവം.

വൈദ്യുതി മുടങ്ങും

കോഴിക്കോട്: നാളെ പകൽ എട്ടു മുതൽ നാലു വരെ ചെമ്പനോട, പുഴിത്തോട്, പെരുവണ്ണാമൂഴി എന്നിവിടങ്ങളിലും ഒൻപത് മുതൽ മൂന്നു വരെ കാക്കൂർ, നന്മണ്ട, കാരക്കുന്ന് എന്നിവിടങ്ങളിലും വൈദ്യുതി മുടങ്ങും.

ഐ.ഐ.എമ്മിൽ ഒഴിവ്

കോഴിക്കോട്:

ഐ.ഐ.എമ്മിന്റെ കിർത്താഡ്സ് കാമ്പസിലുള്ള സെന്റർ ഓഫ് എക്സലൻസിൽ കംപ്യൂട്ടർ പ്രോഗ്രാമറെ ആവശ്യമുണ്ട്. 8000 രൂപയാണ് പ്രതിമാസ ശമ്പളം. വിശദവിവരങ്ങൾക്ക് ചെയർമാൻ, സെന്റർ ഓഫ് എക്സ്‌ലൻസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്, കന്ദമംഗലം പി.ഒ, കോഴിക്കോട്–673571 എന്നി വലാസത്തിൽ 30–ാം തീയതിക്കു മുമ്പ് അപേക്ഷിക്കണം.

ജ. സിറിയക് ജോസഫ് ഉത്തരാഞ്ചൽ ചീഫ് ജസ്റ്റിസ്; ജ. റെഡ്ഡി കേരളത്തിലേക്ക്

സ്വന്തം ലേഖകൻ

ന്യൂഡൽഹി: കേരള ഹൈക്കോടതിയിലെ ജസ്റ്റിസ് സിറിയക് ജോസഫിനെ ഉത്തരാഞ്ചൽ ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിക്കും. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ബി. സുഭാഷൺ റെഡ്ഡി നിയമിതനാകും. ഇപ്പോഴത്തെ ചീഫ് ജസ്റ്റിസ് എൻ.കെ. സോധി കർണാടക ഹൈക്കോടതിയിലേക്കു മാറും.

ഇവരടക്കം എട്ടു ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരുടെ സ്ഥലംമാറ്റവും നിയമനവും ചീഫ് ജസ്റ്റിസ് ആർ.സി. ലഹോട്ടിയുടെ നേതൃത്വത്തിലുള്ള സുപ്രീം കോടതി ജഡ്ജിമാരുടെ ഉന്നത സമിതി ശുപാർശ ചെയ്തു.

മദ്രാസ് ഹൈക്കോടതിയിൽ നിന്നാണു ജസ്റ്റിസ് സുഭാഷൺ റെഡ്ഡി കേരളത്തിലേക്കു വരുന്നത്. അവിടെ ചീഫ് ജസ്റ്റിസായിരിക്കേ, അഭിഭാഷകർക്കു പെരുമാറ്റച്ചട്ടം നടപ്പാക്കാൻ അദ്ദേഹം നടത്തിയ ശ്രമം അഭിഭാഷക സംഘടനയുമായി ഏറ്റുമുട്ടലിനു വഴിവച്ചിരുന്നു. മദ്രാസ് ഹൈക്കോടതിയിലെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു നിയമിതനാകും. ഇപ്പോൾ അലഹാബാദ് ഹൈക്കോടതി ജഡ്ജിയാണ്.

പഞ്ചാബ് – ഹരിയാന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ബി.കെ. റോയിയെ പട്ന ഹൈക്കോടതിയിലേക്കു മാറ്റാനും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. ജസ്റ്റിസ് റോയിയുമായുള്ള അഭിപ്രായ വ്യത്യാസങ്ങളെ തുടർന്നു പഞ്ചാബ് – ഹരിയാന ഹൈക്കോടതിയിലെ മറ്റു ജഡ്ജിമാർ കൂട്ടഅവധിയെടുത്തതു വാർത്തയായിരുന്നു.

പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന രവി എസ്. ധവാൻ വിരമിച്ചതിനെ തുടർന്ന് അവിടെ ജസ്റ്റിസ് നാഗേന്ദ്ര റോയ് ആക്ടിങ് ചീഫ് ജസ്റ്റിസായി പ്രവർത്തിച്ചു വരികയാണ്.

കൽക്കട്ട ഹൈക്കോടതിയിലെ ജഡ്ജിമാരായ ജസ്റ്റിസ് അൽതമസ് കബീറിനെ പഞ്ചാബ് – ഹരിയാന ഹൈക്കോടതിയിലും ജസ്റ്റിസ് എ.എൻ. രേയെ അലഹാബാദ് ഹൈക്കോടതിയിലും ചീഫ് ജസ്റ്റിസുമാരായി നിയമിക്കാനും ശുപാർശയുണ്ട്. ഇപ്പോഴത്തെ ഉത്തരാഞ്ചൽ ചീഫ് ജസ്റ്റിസ് വി.എസ്. സിർപുർകറെ കൽക്കട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസായി മാറ്റി നിയമിക്കും.

ഈ ശുപാർശകൾ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് കഴിഞ്ഞയാഴ്ച നിയമമന്ത്രിയുടെ ഓഫിസിലേക്ക് അയച്ചതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ഈ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഫയൽ നിയമമന്ത്രിയുടെ ഓഫിസ് പ്രധാനമന്ത്രിയുടെ ഓഫിസിന് അയയ്ക്കണം. അവിടെ നിന്ന് അതു രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കും. രാഷ്ട്രപതി ഒപ്പുവയ്ക്കുന്നതോടെയാണ് ഇവ നിലവിൽ വരിക.

കോട്ടയം കൈപ്പുഴ കാരയ്ക്കാട്ടു റിട്ട.ഡി.എഫ്.ഒ: ജോസഫ് കെ. കുര്യന്റെ മകനാണ് അൻപത്തേഴുകാരനായ സിറിയക് ജോസഫ്.



ജ. സിറിയക് ജോസഫ്



ജ. സുഭാഷൺ റെഡ്ഡി

'ലാഭനഷ്ടക്കണക്കുകൾ പ്രസിദ്ധീകരിക്കണം'

കോഴിക്കോട്: കെ.ടി.ഡി.സിയുടെ സംയുക്ത സംരംഭമായ ടൂറിസ്റ്റ് റിസോർട്ട് കേരളയുടെ ലാഭനഷ്ടക്കണക്കുകൾ പ്രസിദ്ധീകരിക്കണമെന്ന് എംപ്ലോയീസ് കോൺഗ്രസ് (ഐ.എൻ.ടി.യു.സി.) സംസ്ഥാന സമിതി യോഗം ആവശ്യപ്പെട്ടു.

മലബാർ മേഖലയിലെ വിനോദ സഞ്ചാര വികസനത്തിനായി കണ്ണൂർ, വയനാട് , കോഴിക്കോട് ജില്ലകളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ യോജിപ്പിച്ചു കൊണ്ടുള്ള പാക്കേജ് ടൂർ പ്രോഗ്രാം ആരംഭിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ടാജ് ഹോട്ടൽ കമ്പനി നടത്തിപ്പോരുന്ന കൊച്ചിയിലെ ടാജ് റസിഡൻസിയുടെയും മറ്റ് മുന്ന് യൂണിറ്റുകളുടെയും കോടിക്കണക്കിന് രൂപയുടെ ലാഭം പങ്കാളിയായ സ്വകാര്യ കമ്പനി തട്ടിയെടുത്തു കൊണ്ടിരിക്കുകയാണെന്ന് യൂണിയൻ ജനറൽ സെക്രട്ടറി തമ്പി മാർക്കോസ് ആരോപിച്ചു.

പ്രസിഡന്റ് എം.എസ്. റാവുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി.എ. ദേവസ്യ, കെ. ഗിരീശൻ, എ.കെ. സുനിൽ, ഷഫീക്ക്, ഹരീന്ദ്രൻ കൊച്ചേത്ത്, എസ്. മോഹൻ പ്രസംഗിച്ചു.

ഉത്തരമേഖല കമ്മിറ്റി ഭാരവാഹികൾ: ഹരീന്ദ്രൻ കൊച്ചേത്തി (പ്രസിഡന്റ്), എസ്. മോഹനൻ (വൈസ് പ്രസിഡന്റ്), ക്രസ്റ്റേസ്റ്റ് തി (സെക്രട്ടറി) ഉണ്ണികൃഷ്ണൻ, പ്രകാശൻ (ജോയിന്റ് സെക്രട്ടറിമാർ)

പരാതി സമർപ്പിക്കാനുള്ള തീയതി 27 വരെ നീട്ടി

കോഴിക്കോട്: മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയലേയ്ക്ക് പരാതി സമർപ്പിക്കാനുള്ള തീയതി 27 വരെ നീട്ടിയതായി ജില്ലാ കലക്ടർ അറിയിച്ചു. നവംബർ 29ന് ആണ് സമ്പർക്ക പരിപാടി. പരാതികളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ റിപ്പോർട്ടുകൾ വാങ്ങിയശേഷം പരിഹാര നടപടി സ്വീകരിക്കും. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും തീരുമാനം ആവശ്യമായ പരാതികളിന്മേൽ പ്രത്യേക നടപടി സ്വീകരിക്കും. ഇതിനകം നാനൂറിലധികം പരാതി ലഭിച്ചിട്ടുണ്ട്. അനേഷണങ്ങൾക്കും പരാതി സമർപ്പിക്കുന്നതിനും താലൂക്ക് ഓഫിസുകളിലും കലക്ടറേറ്റിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. കലക്ടറേറ്റിൽ 2370518, 2371062 ഫോൺ നമ്പറുകളിലും താലൂക്ക് ഓഫിസുകളിൽ 2723930(കോഴിക്കോട്), 2522361(വടകര), 2620235(കൊയിലാണ്ടി) നമ്പറുകളിലും ബന്ധപ്പെടാം.

'നമ്മുടെ കുറ്റം' തിരുത്തിയാൽ ജനം നിലപാടും തിരുത്തും : വക്കം

കോഴിക്കോട്: ജനങ്ങൾ കോൺഗ്രസിനെ കൈവിട്ടിട്ടില്ലെന്നും കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഒരു പാഠം പഠിപ്പിച്ചതാണെന്നും മന്ത്രി വക്കം പുരുഷോത്തമൻ. ഡി.സി.സി. ഓഫിസിൽ നൽകിയ സ്വീകരണ യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കുറേ കാലമായി നമ്മൾ കാണിച്ചത് ജനങ്ങൾക്ക് ഇഷ്ടപ്പെട്ടിട്ടില്ല. അതു തിരുത്തിയാൽ ജനങ്ങളും തിരുത്തും. സർക്കാരിന്റെ കുറ്റമല്ല, മറിച്ച് നമ്മുടെ കുറ്റമാണ് തിരഞ്ഞെടുപ്പിൽ പ്രകടമായത്. അന്നും ഗ്രൂപ്പ് രാഷ്ട്രീയത്തെ താൻ മാത്രമാണ് എതിർത്തതെന്നും അദ്ദേഹം പറഞ്ഞു. പാർട്ടിയുടെ നെടുംതൂൺ പ്രവർത്തകരാണ്. അവർക്ക് അംഗീകാരമുണ്ടാവണം.

പഴയത് ആവർത്തിക്കാതിരുന്നാൽ സി. പി. എം. ഒരു പ്രശ്നമല്ല. കാരണം സർക്കാരിനെതിരെ അവർ നടത്തുന്ന സമരം പോലും ജനങ്ങൾ അംഗീകരിക്കുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

നീതി നടപ്പാക്കാൻ വേണ്ടി മാത്രമാണ് ഭരണത്തിൽ ഇടപെടലുകൾവേണ്ടെന്ന് അന്നു പറഞ്ഞത്. എന്നാൽ പല പൊലീസുകാരും അഴിമതി നടത്താനുള്ള സൗകര്യമായി അതിനെ കണ്ടു. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രവർത്തനത്തിലാണ് സർക്കാർ. ഇതിനായി കഴിഞ്ഞ വർഷത്തേക്കാൾ 1500 കോടി രൂപ കൂടി കൂടുതൽ പിരിക്കാൻ വാണിജ്യ നികുതി ജീവനക്കാർക്ക് നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു.

പി. ശങ്കരൻ എം.എൽ.എ. യോഗം ഉദ്ഘാടനം ചെയ്തു. ഡി.സി.സി. പ്രസിഡന്റ് എം.വീരാൻകുട്ടി അധ്യക്ഷത വഹിച്ചു. ചലച്ചിത്ര വികസന കോർപറേഷൻ ചെയർമാൻ പി.വി.ഗംഗാധരൻ മന്ത്രിയെ പൊന്നാടയണിയിച്ചു. എൻ.പി. മൊയ്തീൻ, കെ.സി.അബു, കെ. സാദിരിക്കോയ, പി. മമ്മത്കോയ, സി.മൂസ പ്രസംഗിച്ചു.

മുൻ പ്രസിഡന്റും പ്രസിഡന്റും ഏറ്റുമുട്ടി

കോഴിക്കോട്: മന്ത്രി വക്കം പുരുഷോത്തമന് ഡി. സി. സി. ഓഫിസിൽ നൽകിയ സ്വീകരണ യോഗത്തിൽ പ്രസിഡന്റും മുൻ പ്രസിഡന്റും തമ്മിൽ വാക്ക് പയറ്റ്. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ വന്നതിനുശേഷമാണ് ഡി. സി. സിയ്ക്കും പ്രസിഡന്റിനും ഒരു വിലയുണ്ടായതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച എം. വീരാൻകുട്ടി പറഞ്ഞു.

ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ടാൽ കാര്യങ്ങൾ കേൾക്കാൻ തയാറാവുന്നുണ്ട്. മന്ത്രിമാർ ഡി. സി. സി ഓഫിസിൽ വരുന്നുണ്ടെന്നും പ്രവർത്തകരെ കാണുന്നുണ്ടെന്നും ഇതെല്ലാം ഒരു നല്ലതിന്റെ തുടക്കമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വിലയുള്ളവർക്ക് എന്നും വിലയുണ്ടാവുമെന്നും കഴിഞ്ഞതിന്റെ തുടർച്ചയാണ് ഈ സർക്കാരെന്നും ആശംസാപ്രസംഗത്തിനിടെ ശങ്കരൻ പറഞ്ഞു. മുൻപ് മന്ത്രിമാർ വരാതിരുന്നത് ക്ഷണിക്കാത്തതിനാലാണ്. മന്ത്രിയായാലും അല്ലാതായാലും ഒരുപോലെയാണ്.

പ്രശ്നങ്ങൾ പാർട്ടിവേദിയിൽ പറയണമെന്നും വാക്ക് തർക്കങ്ങളും വാഗ്വാദങ്ങളും ഉണ്ടാവരുതെന്നും മുൻ ഡി. സി. സി പ്രസിഡന്റ് എൻ. പി. മൊയ്തീനും പറഞ്ഞു.

മനോരമ

കോഴിക്കോട് ഡി.സി.സി. ഓഫിസിൽ എത്തിയ മന്ത്രി വക്കം പുരുഷോത്തമനെ പി. ശങ്കരൻ എം. എൽ. എ. സ്വീകരിക്കുന്നു. പ്രസിഡന്റ് അഡ്വ. എം. വീരാൻകുട്ടി, മോയിൻ കൊളക്കാടൻ, കെ. സാദിരിക്കോയ, എൻ. പി. മൊയ്തീൻ, കെ. സി. അബു തുടങ്ങിയവർ സമീപം

BON VOYAGE



Mr. SUNNY. V. EPHRAM
Managing Director
SAR Healthline (P) Ltd.

We wish him a happy journey for his trip to USA to attend the ASRM and the distributors meeting

By
SAR Family
SAR HEALTHLINE (PVT) LTD.
Mumbai, Delhi, Chennai,
Bangalore, Calicut.
Herald

മലയാള മനോരമ PEN BOOKS

മിന്നും താരങ്ങൾ

ഗെയിം 13

2004 ഒക്ടോബർ 19, ചൊവ്വ

ഗാരി കിർസ്റ്റൻ (406)

തലയിൽ മുടി തീരെയില്ല. അതുകൊണ്ടു തന്നെ ഉള്ളതിലും കൂടുതൽ പ്രായം തോന്നും. പക്വമായ മനസും ഇന്നിംഗ്സുകളും കൊണ്ട് ഗാരി കിർസ്റ്റൻ ദക്ഷിണാഫ്രിക്കൻ ക്രിക്കറ്റിന്റെ പുനരുദ്ധാരണത്തിന് ജീവൻ പകർന്നു. സാങ്കേതികത്തികവിൽ, സഹോദരൻ പീറ്റർ കിർസ്റ്റന്റെ അടുത്ത് ഇദ്ദേഹം ഒരിക്കലും എത്തിയിട്ടില്ല. എങ്കിലും റൺസൊഴുകുന്ന ഇന്നിംഗ്സുകൾ കൊണ്ട് ദക്ഷിണാഫ്രിക്കയുടെ നട്ടെല്ലായി അദ്ദേഹം. ഗാരി ഇല്ലെങ്കിൽ ദക്ഷിണാഫ്രിക്ക ഇല്ലെന്ന സ്ഥിതി. ഉപഭൂഖണ്ഡത്തിലെ പിച്ചുകളിൽ കൂട്ടുകാരെല്ലാം പരാജയപ്പെടുമ്പോൾ ഗാരി മാത്രം തലയുയർത്തി നിന്നു. 2003–04 ൽ ന്യൂസീലൻഡിലെ പരമ്പരയോടെ ക്രിക്കറ്റിൽ നിന്നു വിരമിച്ചു. ടെസ്റ്റ്: 101, റൺസ്: 7289, വിക്കറ്റ്: 2.
ഏകദിനം: 185, റൺസ്: 6798.

ഡീൻ ജോൺസ് (418)

ഏകദിനത്തെ കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന പുസ്തകമെഴുതിയ ഡീൻ മെർവിൻ ജോൺസ് ഓസ്ട്രേലിയൻ ക്രിക്കറ്റിലെ 'ഷോമാൻ' ആയാണ് അറിയപ്പെടുന്നത്. എതിരാളികളായ ഫാസ്റ്റ് ബൗളർമാരുടെ അടുത്തു പോയി കുശുകുശുക്കുകയും ഫീൽഡിങ് തന്റെ പ്രധാന ആയുധമാക്കി മാറ്റുകയും ചെയ്ത കളിക്കാരൻ. ചെന്നൈയിലെ പ്രസിദ്ധമായ 'ടെെ ടെസ്റ്റിൽ ' (1987–87) 210 റൺസിന്റെ ഇന്നിംഗ്സുമായി ചരിത്രത്തിലേക്കു നടന്നു കയറിയ ബാറ്റ്സ്മാൻ. ഓസ്ട്രേലിയൻ ക്രിക്കറ്റ് കണ്ട ഏറ്റവും മികച്ച ഇന്നിംഗ്സ് എന്നാണ് ബോബ് സിംപ്സൺ ഈ ഇന്നിംഗ്സിനെ വിശേഷിപ്പിച്ചത്. കരിയറിന്റെ ഔന്നത്യത്തിൽ നിൽക്കുമ്പോൾ തന്നെ ടീമിൽ നിന്നു പുറത്തായി. എങ്കിലും കമന്റേറ്ററായും പരിശീലകനായും ക്രിക്കറ്റിൽ ഇപ്പോഴും സജീവം.
ടെസ്റ്റ്: 52, റൺസ്: 3631, വിക്കറ്റ്: 1.ഏകദിനം: 164, റൺസ്: 6068, വിക്കറ്റ്: 3.

മിന്നും താരങ്ങൾ കാർഡിലെ ഗെയിം 13–ൽ ഇന്ന് മുകളിൽ കൊടുത്തിട്ടുള്ള താരങ്ങളുടെ പേരുകൾ ഉള്ള ചതുരങ്ങൾ ചുരണ്ടി നോക്കി, നിങ്ങൾ സമ്മാനാർഹനാണോ എന്ന് അറിയുക.

hi-lite BUILDERS
We build it better



Wherever you are going, you can get there fast.

At Cliff Dale, there are as many as 68 apartments to choose from, across 9 floors. Available in 2 and 3 bedroom options, with floor area ranging from an economical 1,035 sq.ft to a spacious 1,572 sq.ft. It is located close to all the things that are important to you – schooling for your son, entertainment for the family, medical care in an emergency, shopping center in the vicinity, etc. Central location is not all, however – it has all the amenities you would want in a home as grand as this. From 24 hours security with CCTV screening to health club to a water recycling plant. But if there's one point that will make you plump for this project, it is this – central location and excellent amenities, perfectly paired.

hi-lite
CLIFF DALE
Luxury Apartments
Chinthavalappu Jn. Calicut
Call: 9847 332244

Easy Home Finance | Property Management | Home Care

STARK Kochi

hi-lite Builders Pvt. Ltd., C6, First Floor, Nirmal Arcade, By-pass Road, Eranhipalam, Calicut-673006. Ph: 0495 2367949/59/69, Fax: 0495 2367961 E-mail: info@hilitebuilders.com www.hilitebuilders.com

വില 2 രൂപ
കോഴിക്കോട്
10 പേജ്

മംഗളം

PUBLISHED FROM KOZHIKODE, KOTTAYAM AND KOCHI

19 ഒക്ടോബർ 2004 ചൊവ്വ
3 തുലാം 1180
www.mangalam.com

പേജ് 7
മഅ്ദനിയെ യു.ഡി.എഫ് സംരക്ഷിക്കണം

പേജ് 5
മീരയുടെ കരച്ചിൽ അഭിനയമെന്നു പിതാവ്

പേജ് 9
കുംബ്ലെ കളിയിലെ കേമൻ

184 ആദിവാസികൾ പ്രതിയായി 22 പേർക്കെതിരെ കൊലക്കുറ്റം; സി.കെ. ജാനുവിനെ ഒഴിവാക്കി

മുത്തങ്ങ: ഗീതാനന്ദനെ ഒന്നാംപ്രതിയാക്കി കുറ്റപത്രം

■ സ്വന്തം ലേഖകൻ
കൊച്ചി

പോലീസ് വെടിവയ്പിൽ കൊല്ലപ്പെട്ട ജോഗിയടക്കം മുത്തങ്ങ കേസിൽ 184 ആദിവാസികൾക്കെതിരെ സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചു. പോലീസുകാരൻ വിനോദിനെ കൊലപ്പെടുത്തിയ കേസിൽ എം.ഗീതാനന്ദനാണ് ഒന്നാംപ്രതി. ആദിവാസി ഗോത്രമഹാസഭാ നേതാവ് സി.കെ. ജാനുവിനെ ഈ കേസിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

വിനോദിനെ കൊലപ്പെടുത്തിയെന്ന കേസിൽ 57 പേരെയും, വനപാലകരെയും പോലീസിനെയും ആക്രമിച്ചു ബന്ദികളാക്കിയ കേസിൽ 53 പേരെയും പ്രതികളാക്കിയ കുറ്റപത്രത്തിൽ ഉദ്യോഗസ്ഥരുടെ കൃത്യനിർവഹണം തടസപ്പെടുത്തിയെന്ന കേസിൽ 74 പേരെ പ്രതികളാക്കുന്നുണ്ട്. കൊലക്കേസിൽ പെടുത്തിയ 57-ൽ 22 പേർക്കെതിരെ മാത്രമെ കൊലക്കുറ്റം ആരോപിച്ചിട്ടുള്ളൂ. അശോകൻ, ബിനു എന്നിവരും ഈക്കേസിൽ പ്രതിസ്ഥാനത്തുണ്ട്.

എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ മൂന്നു കുറ്റപത്രങ്ങളാണ് സി.ബി.ഐ. ഡിവൈ.എസ്.പി. (ചെന്നൈ) വി.കെ. രഘുകുമാർ ഫയൽ ചെയ്തത്. ആറു കേസുകളിൽ നാലെണ്ണത്തിൽ കൂട്ടായ കുറ്റപത്രം രണ്ടു കേസുകളിൽ പ്രത്യേകം കുറ്റപത്രങ്ങളുമാണു സമർപ്പിച്ചത്.

ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് എൻ. അനിൽകുമാർ കേസ് പിന്നീടു പരിഗണിക്കും. ചില പ്രതികൾ മൂന്നു കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

ആദ്യ റിപ്പോർട്ടിൽ പ്രതിസ്ഥാനത്തുണ്ടായിരുന്ന 23 ആദിവാസികളെ തെളിവിന്റെ അഭാവത്തിൽ നീക്കം ചെയ്തു. മറ്റൊരു പ്രതി തിരുനെല്ലി അപ്പപ്പാറ സ്വദേശി സുനിൽകുമാറിനെ മാപ്പു സാക്ഷിയാക്കി.വെടിവയ്പിൽ മരിച്ച ജോഗിക്കും പിന്നീട് മരണപ്പെട്ട ഗോപാലൻ എന്നയാൾക്കുമെതിരായ കുറ്റപത്രം കാലഹരണപ്പെട്ടതായി സി.ബി.ഐ. ബോധിപ്പിച്ചു.

കുറ്റകരമായ ഗൂഢാലോചന, നിയമവിരുദ്ധമായി സംഘം ചേരൽ, അതിക്രമിച്ചുകടക്കൽ, ദേഹോപദ്രവം ഏൽപിക്കൽ, തടഞ്ഞുവെയ്ക്കൽ, നാശനഷ്ടം ഉണ്ടാക്കൽ, പൊതു മുതൽ നശിപ്പിക്കൽ, പ്രേരണ തുടങ്ങിയ കുറ്റകൃത്യങ്ങളാണ് ഒരു കേസിൽ സി.കെ. ജാനു ഉൾപ്പെടെയുള്ളവർക്കെതിരെ ആരോപിച്ചിട്ടുള്ളത്. മറ്റൊരു കേസിലെ പ്രധാന ആരോപണം കൃത്യനിർവഹണം തടസപ്പെടുത്തലാണ്. ഈ കേസിൽ സി.കെ. ജാനുവാണ് ഒന്നാം പ്രതി.എം. ഗീതാനന്ദൻ ഒന്നാം പ്രതിയായ കൊലക്കേസിൽ വധശ്രമം, ദേഹോപദ്രവം ഏൽപിക്കൽ, ഔദ്യോഗിക കൃത്യനിർവഹണം തടയൽ എന്നീ കുറ്റങ്ങളും ആരോപിച്ചിട്ടുണ്ട്.

മുത്തങ്ങ വൈൽഡ് ലൈഫ് ഓഫീസിലെ ഫോറസ്റ്റർ എ. മൂസ, സുൽത്താൻ ബത്തേരി സബ് ഇൻസ്പെക്ടർ പി. വിശ്വംഭരൻ, ചെത്തലത്ത് ഫോറസ്റ്റ് റേഞ്ച് ഓഫീസർ പി. വിജയൻ, മാനന്തവാടി ഡിവൈ.എസ്.പി. കെ.പി. സതീശൻ എന്നിവരുടെ പരാതികൾ അടിസ്ഥാനമാക്കി രജിസ്റ്റർ ചെയ്തിരുന്ന കേസുകളിലാണു സി.ബി.ഐ. കുറ്റപത്രം.

വീഡിയോ കാസറ്റ് ഉൾപ്പെടെയുള്ള രേഖകളും, അമ്പും വില്ലും, വാക്കത്തി, കമ്പിവടി, കോടാലി, അരിവാൾ, പന്തം തുടങ്ങിയ തൊണ്ടി സാധനങ്ങളും കുറ്റപത്രത്തോടൊപ്പം ഹാജരാക്കി.2003 ജനുവരി അഞ്ചിനു വനഭൂമി കയ്യേറിയ ആദിവാസികൾ നിയമവിരുദ്ധമായി കുടിൽ കെട്ടിയെന്നും വനംവകുപ്പ് ഉദ്യോഗസ്ഥരായ പി. മാധവൻ നായർ, പി. രാജൻ, സുരേഷ് എന്നിവരുൾപ്പെടെ 21 പേരെ ബന്ദികളാക്കിയെന്നും സി.ബി.ഐ. കുറ്റപത്രത്തിൽ പറയുന്നു.ഫെബ്രുവരി 19-നു രാവിലെ പതിനൊന്നരമണിക്ക് പോലീസ് കോൺസ്റ്റബിൾ വിനോദിനെയും ആദിവാസികൾ തട്ടിയെടുത്തു. അന്നു വൈകുന്നേരം അഞ്ചുമണിയോടെ തകരക്കണ്ടിക്കു സമീപം കാക്കപാലത്ത് കുടിയേറ്റക്കാരെ ഒഴിപ്പിക്കാനെത്തിയ വനപാലകരെയും പോലീസിനെയും ആദിവാസികൾ ആക്രമിച്ചു.

ഫോറസ്റ്റർ പി.കെ. ശശിധരൻ, അബ്ദുൾസലാം എന്നിവരെ ബന്ദികളാക്കി. വിനോദിനെയും ശശിധരനെയും അബ്ദുൾ സലാമിനെയും മോചിപ്പിക്കാൻ ശ്രമിക്കുന്നതിനിടെ അമ്പും വില്ലുമായി നേരിട്ട ആദിവാസികൾ വിനോദിനെ മൃഗീയമായി കൊലപ്പെടുത്തിയെന്നും കുറ്റപത്രത്തിൽ ആരോപിക്കുന്നു.

വി.കെ. രഘുകുമാർ, എസ്. ജയകുമാർ, വി.ടി. നന്ദകുമാർ, കെ. പ്രദീപ്കുമാർ, എസ്. ഉണ്ണി, സി.എസ്. കൈമൾ, എൻ.സി. ഗോപകുമാർ എന്നിവരാണു കേസന്വേഷിച്ചത്.

മുത്തങ്ങയിൽ ആദിവാസികൾക്കുനേരെ പോലീസ് അതിക്രമം നടത്തിയിട്ടില്ലെന്ന് സി.ബി.ഐ. അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

സി.ബി.ഐ. അന്വേഷണം ആദിവാസികൾക്കു നഷ്ടം

കൊച്ചി: മുത്തങ്ങ കേസിൽ സി.ബി.ഐ. അന്വേഷണം നടത്തിയതുകൊണ്ടു ആദിവാസികൾക്ക് നഷ്ടം മാത്രം. സി.ബി.ഐ. കുറ്റപത്രത്തിൽ ആദിവാസികൾ മാത്രമാണു പ്രതിസ്ഥാനത്തുള്ളത്. പോലീസ് നടപടി ന്യായീകരിച്ച സി.ബി.ഐ. കുടിയൊഴിപ്പിക്കൽ നടപടിയെ ആദിവാസികൾ ചെറുത്തതാണു വെടിവയ്പ്പിനിടയാക്കിയതെന്നു നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു.

ആദിവാസികൾക്കുവേണ്ടി മുറവിളി കൂട്ടിയവർ സംസ്ഥാന പോലീസ് കേസന്വേഷണം നടത്തുന്നതിനെ നഖശിഖാന്തം എതിർക്കുകയായിരുന്നു. തുടർന്നു ദേശീയ പട്ടികജാതി ക്ഷേമ കമ്മിഷന്റെ കൂടി ശിപാർശ കണക്കിലെടുത്താണ് അന്വേഷണം സി.ബി.ഐക്കു കൈമാറിയത്.

ആദിവാസികൾ മാത്രം പ്രതിസ്ഥാനത്തുള്ള കേസിന്റെ വിചാരണ ആദിവാസികൾക്കു പണച്ചെലവും കഷ്ടപ്പാടും ഉണ്ടാക്കും. സി.ബി.ഐ. കോടതി എറണാകുളത്താണെന്നതിനാൽ വിചാരണ വേളയിൽ പ്രതികൾ എറണാകുളത്ത് എത്തേണ്ടിവരും.

അതേ സമയം സംസ്ഥാന സർക്കാരിനും പോലീസിനും സി.ബി.ഐ. അന്വേഷണം നേട്ടമായി. ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട കേസിൽ സി.ബി.ഐ. പോലീസ് നടപടിയെ ന്യായീകരിച്ചതിലൂടെ സർക്കാരിനു മുഖം രക്ഷിക്കാനായി.

നാളെ വിദ്യാഭ്യാസ ബന്ദ്

കണ്ണൂർ: സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിൽ പ്രതിഷേധിച്ചു സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്തംഭിപ്പിച്ചു നാളെ വിദ്യാഭ്യാസ ബന്ദ് നടത്തുമെന്ന് എസ്.എഫ്.ഐ. നേതാക്കൾ അറിയിച്ചു.

മന്ത്രി എം.വി. രാഘവന്റെ നിയന്ത്രണത്തിലുള്ള പരിയാരം മെഡിക്കൽ കോളജിലും പറശിനിക്കടവ് പി.പി. ഉമ്മർകോയ മെഡിക്കൽ കോളജിലും വിദ്യാർത്ഥി പ്രവേശനത്തിൽ നടത്തിയ അഴിമതിയെക്കുറിച്ചു സമഗ്ര അന്വേഷണം നടത്തണമെന്നും എസ്.എഫ്.ഐ. സംസ്ഥാന സെക്രട്ടറി ടി.വി. രാജേഷ് പ്രസിഡന്റ് പി.കെ. ബിജു എന്നിവർ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിലെ ഫീസ് ഘടന സർക്കാർ നിയന്ത്രണ കോളജുകളിൽ നടപ്പാക്കി മാതൃക കാട്ടേണ്ടതിന് പകരം പരിയാരത്ത് 'ഹൈടെക്' സാമ്പ്രദായത്തിലാണു വിദ്യാർത്ഥികളിൽ നിന്നു കോടികൾ വാങ്ങിയത്. ഈ തുക മെഡിക്കൽ കോളജ് ഫണ്ടിലേക്കല്ല വന്നിരിക്കുന്നതെന്നും അവർ ചൂണ്ടിക്കാട്ടി.

എസ്എഫ്.ഐ. സംസ്ഥാന കമ്മിറ്റിയംഗം ശിവദാസൻ, ജില്ലാ വൈസ് പ്രസിഡന്റ് ശബരീഷ് എന്നിവരും പത്രസമ്മേളനത്തിൽ സംബന്ധിച്ചു.



വെങ്കയ്യ നായിഡു രാജിവച്ചു

അദ്വാനി വീണ്ടും

■ സ്വന്തം ലേഖകൻ
ന്യൂഡൽഹി

ബി.ജെ.പി. അധ്യക്ഷൻ വെങ്കയ്യ നായിഡു രാജിവച്ചു. ലോക്സഭാ പ്രതിപക്ഷനേതാവു കൂടിയായ എൽ.കെ. അദ്വാനി വീണ്ടും അധ്യക്ഷനായി സ്ഥാനമേൽക്കും.അശോകാ റോഡിലെ പാർട്ടി ആസ്ഥാനത്ത് ഇന്നലെ വൈകുന്നേരം ചേർന്ന കേന്ദ്ര ഭാരവാഹികളുടെ യോഗമാണ് പുതിയ അധ്യക്ഷനായി അദ്വാനിയെ നിർദേശിച്ചത്. 29-നു ചേരുന്ന ദേശീയ നിർവാഹകസമിതി യോഗം ഇതിന് അംഗീകാരം നൽകും.

തെരഞ്ഞെടുപ്പു പരാജയങ്ങളുടെയും പാർട്ടിക്കുള്ളിലെ തുറന്ന തമ്മിലടികളുടെയും പശ്ചാത്തലത്തിലാണ് അധ്യക്ഷസ്ഥാനത്തു നിന്നുള്ള വെങ്കയ്യയുടെ രാജി. ഓരോ പ്രതിസന്ധിഘട്ടത്തിലും പാർട്ടിയെ സുധീരം മുന്നോട്ടു നയിച്ച അദ്വാനി ഇത് അഞ്ചാംതവണയാണ് ഈ പദവിയിലെത്തുന്നത്.1986 മുതൽ 91 വരെയും 93 മുതൽ 98 വരെയുമാണ് അദ്വാനി അധ്യക്ഷനായിരുന്നത്. 98-ൽ അധ്യക്ഷപദത്തിലെത്തിയ വെങ്കയ്യ നായിഡു തിളക്കമേറിയകാലത്തു പാർട്ടിയെ നയിച്ചെങ്കിലും തകർന്ന ചില്ലുകൊട്ടാരത്തിൽ നിന്നാണ് ഇപ്പോൾ സ്ഥാനമൊഴിയുന്നത്.

നിശ്ചിത ഇടവേളയ്ക്കു ശേഷം മുൻ അധ്യക്ഷന് വീണ്ടും ആ ചുമതല ഏറ്റെടുക്കാൻ അനുവദിക്കുംവിധം ഹൈദരാബാദിൽ നടന്ന ദേശീയനിർവാഹകസമിതി പാർട്ടി ഭരണഘടന ഭേദഗതി ചെയ്തിരുന്നു.

ഒരാൾക്ക് ഒരു പദവി എന്നതാണ് ബി.ജെ.പിയിലെ കീഴ്വഴക്കം. എന്നാൽ അദ്വാനി പ്രതിപക്ഷനേതൃ പദവിയും വഹിക്കണമെന്ന ആവശ്യം പാർട്ടിയിൽ ശക്തമാണ്. പ്രതിപക്ഷ നേതാവാകാൻ മുൻ പ്രധാനമന്ത്രി എ.ബി.വാജ്പേയിക്കു താൽപ്പര്യമില്ലാത്ത സാഹചര്യത്തിൽ പകരക്കാരനെ കണ്ടെത്താൻ കഴിയാതെ വരുന്നതും പ്രശ്നമാകുന്നു.

ലോക്സഭാ തെരഞ്ഞെടുപ്പു പരാജയത്തോടെ തന്നെ വെങ്കയ്യയ്ക്കെതിരെ പാർട്ടിക്കുള്ളിൽ അതൃപ്തി ശക്തമായിരുന്നു. രാജിസന്നദ്ധത പ്രകടിപ്പിച്ച് വെങ്കയ്യ അന്നു സഹതാപം പിടിച്ചുവാങ്ങിയിരുന്നു.തിരംഗയാത്രയെ അവഗണിച്ചെന്ന പേരിൽ ഹിന്ദുത്വവാദിയായ ഉമാഭാരതി വെങ്കയ്യയോട് ഏറെക്കുറെ പരസ്യമായി കലഹിച്ചു. ഹിന്ദുത്വ പ്രതിച്ഛായയുള്ള നേതൃത്വം ആവശ്യമാണെന്നു വി.എച്ച്.പി. തുറന്നടിക്കുകയും ചെയ്തിരുന്നു.

ബംഗാരു ലക്ഷ്മണനും ജന കൃഷ്ണമൂർത്തിയും പടിയിറങ്ങിയത് അപമാന ഭാരത്തോടെയായിരുന്നു. അദ്വാനിയുമായുള്ള അടുപ്പം വെങ്കയ്യ നായിഡുവിന് അത്തരമൊരു സാഹചര്യമുണ്ടാക്കിയില്ല. വ്യക്തിപരമായ കാരണങ്ങളാലുള്ള പിൻമാറ്റമായി നായിഡുവിന്റെ പുറത്തുപോകൽ ചിത്രീകരിക്കപ്പെട്ടു. രണ്ടാംനിര നേതാക്കൻമാർ തമ്മിലുള്ള പോരിനും അദ്വാനിയുടെ മടങ്ങിവരവോടെ വിരാമവുമായി.

വാജ്പേയിയുടെയും അദ്വാനിയുടെയും സാന്നിധ്യത്തിലായിരുന്നു ഇന്നലെ ഭാരവാഹികൾ യോഗം ചേർന്നത്. വെങ്കയ്യയുടെ രാജി അംഗീകരിച്ച യോഗം ആ ചുമതല അദ്വാനിയിൽ ഭരമേൽപ്പിച്ചു. വൈസ് പ്രസിഡന്റ് മുഖ്താർ അബ്ബാസ് നഖ്വി, സഞ്ജയ് ജോഷി, അരുൺ ജയ്റ്റ്ലി, ജെ.പി. മാഥൂർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു. വെങ്കയ്യയുടെ തീരുമാനം അർധമനസോടെയാണെങ്കിലും പാർട്ടി അംഗീകരിക്കുകയാണെന്ന് ജസ്വന്ത് സിംഗ് പിന്നീടു പറഞ്ഞു.

ഇത് അഞ്ചാം തവണ ദൗത്യം കഠിനം

■ എസ്. ജിതേഷ്
ന്യൂഡൽഹി

''പാർട്ടിയുടെ നയങ്ങളും കാഴ്ചപ്പാടും ഒരിക്കലും മാറുന്നില്ല. അവയെ അതതു കാലത്തിന്റെ സന്ദർഭങ്ങൾക്ക് അനുസൃതമായി വ്യാഖ്യാനിക്കുന്നതിലായിരുന്നു ദീൻദയാൽജിയുടെ പ്രാഭവം. അതേ പാതയിൽ ഇതാ മറ്റൊരാൾ!''- ദീൻദയാൽ ഉപാധ്യായയുടെ ചരമവാർഷികാചരണത്തിൽ എൽ.കെ.അദ്വാനിയെ എ.ബി.വാജ്പേയി ഇങ്ങനെ വിശേഷിപ്പിച്ചു.

''ജനസംഘ് വർഗീയവാദിയാണെങ്കിൽ ഞാനും വർഗീയവാദിയാണ്'' എന്ന് ജയപ്രകാശ് നാരായണനെക്കൊണ്ട് പറയിച്ച പ്രാഗത്ഭ്യമായിരുന്നു ഉപാധ്യായയുടേത്.സന്ദർഭങ്ങൾക്കൊത്ത് പ്രായോഗികമായ നിലപാടുകളിലൂടെ ബി.ജെ.പിയെ അധികാരത്തിലെത്തിച്ച അദ്വാനിക്ക് പാർട്ടിയധ്യക്ഷ പദത്തിൽ ഇത് അഞ്ചാമൂഴം. '84ൽ വെറും രണ്ടു ലോക്സഭാ സീറ്റു മാത്രമുണ്ടായിരുന്ന ബി.ജെ.പിയുടെ

വാജ്പേയിക്ക് പ്രിയങ്കരൻ ... പേജ് 4

കോൺഗ്രസിനെ പുറത്തുനിന്ന് പിന്തുണയ്ക്കാമെന്നു പവാർ

■ സ്വന്തംലേഖകൻ
ന്യൂഡൽഹി

മഹാരാഷ്ട്രാ മുഖ്യമന്ത്രി പദത്തെ ചൊല്ലിയുള്ള തർക്കത്തിനു പരിഹാരമായില്ല. തീരുമാനം കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധിയും എൻ.സി.പി. നേതാവ് ശരദ് പവാറും തമ്മിൽ ഇന്നു നടക്കുന്ന കൂടിക്കാഴ്ചയിൽ ഉണ്ടായേക്കും.

എൻ.സി.പി. യുടെ വിലപേശലിനു വഴങ്ങാൻ കോൺഗ്രസ് മടിച്ചു നിൽക്കുന്നതാണ് കീറാമുട്ടിയായത്. സുശീൽ കുമാർ ഷിൻഡേയെ മുഖ്യമന്ത്രിയായി തുടരാൻ അനുവദിക്കണമെന്നതാണ് കോൺഗ്രസിന്റെ ആവശ്യം.തെരഞ്ഞെടുപ്പു കഴിഞ്ഞതോടെ ശരദ് പവാർ കൂടുതൽ കരുത്തനായിട്ടുണ്ട്. കേന്ദ്ര മന്ത്രിസഭയിൽ രണ്ടാം സ്ഥാനം നൽകുന്ന പക്ഷം കോൺഗ്രസിനു മുഖ്യമന്ത്രിപദം വിട്ടുകൊടുക്കാമെന്നാണ് പവാറിന്റെ പക്ഷം. എന്നാൽ കോൺഗ്രസിലെ പല പ്രമുഖർക്കും ഇത് ദഹിച്ചിട്ടില്ല.

തീരുമാനം നീളുന്തോറും ജനങ്ങൾ നൽകിയ വിധിയെഴുത്തിനെ അപഹസിക്കലാവും അതെന്ന ചിന്തയും ഇരു ക്യാമ്പുകളിലും ശക്തമാണ്.

പരസ്പരം വിട്ടുവീഴ്ചയ്ക്ക് സന്നദ്ധരായാണ് ഡൽഹിയിൽ ചർച്ചകൾ തുടങ്ങിയതെങ്കിലും ഇന്നലെ അന്തരീക്ഷം മാറി. മുഖ്യമന്ത്രി സ്ഥാനത്തിന് കോൺഗ്രസിനേ അർഹതയുള്ളൂവെന്ന ചില നേതാക്കളുടെ നിലപാട് പവാറിനെ ചൊടിപ്പിച്ചു.

കോൺഗ്രസിന് സ്ഥാനം കിട്ടിയേ പറ്റൂവെന്നുണ്ടെങ്കിൽ തങ്ങൾ പുറത്തുനിന്ന് പിന്തുണ നൽകാമെന്നു പവാർ പ്രഖ്യാപിച്ചു. അതോടെ ആശയക്കുഴപ്പം മൂർച്ഛിക്കുകയും ചെയ്തു.

പിന്നോക്ക വിഭാഗക്കാരനായ സുശീൽ കുമാർ ഷിൻഡേയെ മുഖ്യമന്ത്രിയായി ഏപ്രിൽ വരെയെങ്കിലും തുടരാൻ അനുവദിക്കണമെന്നാണ് കോൺഗ്രസിന്റെ ആവശ്യം.

മായാവതി, മുലായം, പസ്വാൻ എന്നിവരുടെ കക്ഷികൾ കോൺഗ്രസ് വോട്ടു ഭിന്നിപ്പിക്കുമെന്ന പ്രഖ്യാപനത്തോടെയാണ് മത്സരിക്കാൻ ഇറങ്ങിയത്. അവരെ നാണംകെടുത്താൻ സാധിച്ചത് ഷിൻഡേയെ മുന്നിൽ നിർത്തി മത്സരിപ്പിച്ചതു കൊണ്ടാണെന്ന്കോൺഗ്രസ് വാദിക്കുന്നു.മാർച്ചിൽ ബീഹാർ, ജാർഖണ്ഡ്എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പുനടക്കേണ്ടതുണ്ട്.അവിടെയും പിന്നോക്ക വോട്ടുകളാണ് വിധി നിർണയിക്കുക.

സിറിയക് ജോസഫ് ഉത്തരാഞ്ചൽ ചീഫ് ജസ്റ്റിസ്

കേരളാ ചീഫ് ജസ്റ്റിസായി ബി.സുഭാഷൺ റെഡ്ഡി

ന്യൂഡൽഹി: കേരളാ ഹൈക്കോടതി ജഡ്ജി സിറിയക് ജോസഫിന് ഉത്തരാഞ്ചൽ ഹൈക്കോടതി ചീഫ് ജസ്റ്റിസായി സ്ഥാനക്കയറ്റം. മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ബി.സുഭാഷൺ റെഡ്ഡിയെ കേരളാ ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി നിയമിക്കാനും ചീഫ് ജസ്റ്റിസ് ആർ.സി.ലഹോത്തി അധ്യക്ഷനായ സുപ്രീംകോടതി സമിതി ശിപാർശ ചെയ്തു. നിലവിലുള്ള ചീഫ് ജസ്റ്റിസ് എൻ.കെ.സോധി കർണാടകയിലേക്ക് പോകുന്ന ഒഴിവിലാണ് സുഭാഷൺ റെഡ്ഡി നിയമിതനാവുക. പഞ്ചാബ് ആന്റ് ഹരിയാന,ഉത്തരാഞ്ചൽ ചീഫ് ജസ്റ്റിസുമാർക്കും സ്ഥാനചലനം സംഭവിക്കും.

■ സിറിയക് ജോസഫ്

■ സുഭാഷൺ റെഡ്ഡി

സിറിയക് ജോസഫിനൊപ്പം മറ്റു മൂന്നു ജഡ്ജിമാരും വിവിധസംസ്ഥാനങ്ങളിൽ ചീഫ് ജസ്റ്റിസുമാരായി ഉയർത്തപ്പെടും.

സിറിയക് ജോസഫ് കേരളാ ഹൈക്കോടതിയുടെ ആക്ടിംഗ് ചീഫ് ജസ്റ്റിസായി രണ്ടു തവണ സേവനമനുഷ്ടിച്ചിട്ടുണ്ട്.

കാർഷിക പാക്കേജ് പരിഷ്കരണം: അവ്യക്തത ബാക്കി

■ സ്വന്തം ലേഖകൻ
കൽപ്പറ്റ

കാർഷിക പ്രതിസന്ധി കണക്കിലെടുത്തു സർക്കാർ വയനാടിനു പ്രഖ്യാപിച്ച കാർഷിക പാക്കേജ് പരിഷ്കരിച്ചപ്പോഴും അവ്യക്തതയും ആശയക്കുഴപ്പവും ബാക്കി. 50,000 രൂപ വരെയുള്ള കാർഷിക വായ്പകളുടെ മൂന്നു വർഷത്തെ പലിശ സർക്കാർ വഹിക്കുമെന്നാണു മുഖ്യമന്ത്രി ജൂലൈ അവസാനം പ്രഖ്യാപിച്ചത്. കടാശ്വാസം അപര്യാപ്തമാണെന്ന് ആക്ഷേപമുയർന്നതിന്റെ അടിസ്ഥാനത്തിൽ പലിശയിളവു രണ്ടുവർഷത്തേക്കുകൂടി ദീർഘിപ്പിച്ചതായി കഴിഞ്ഞയാഴ്ച പ്രഖ്യാപിച്ചിരുന്നു.

അഞ്ചു വർഷത്തെ പലിശയിളവു നടപ്പാക്കാൻ വാണിജ്യ- ദേശസാൽകൃത ബാങ്കുകളോട് അഭ്യർത്ഥിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനമാണു നിലവിൽ കർഷകരെ ആശങ്കയിലാഴ്ത്തിയത്. വയനാട്ടിലെ വായ്പകളുടെ 70 ശതമാനവും വാണിജ്യ - ദേശസാൽകൃത ബാങ്കുകളിലൂടെയാണു വിതരണം ചെയ്തിട്ടുള്ളത്. ഇത്തരം ബാങ്കുകളെ സംബന്ധിച്ച വിഷയങ്ങളിൽ നടപടിയെടുക്കാനുള്ള അധികാരം റിസർവ് ബാങ്കിനാണ്. സംസ്ഥാന സർക്കാരിനു കേന്ദ്രസർക്കാരിലും റിസർവ് ബാങ്കിലും സമ്മർദ്ദം ചെലുത്താൻ മാത്രമേ കഴിയൂ. കർഷക ആത്മഹത്യയും പ്രതിസന്ധിയും സംബന്ധിച്ച വിവരങ്ങൾ യഥാസമയം കേന്ദ്രത്തെ അറിയിക്കാൻ സംസ്ഥാനം വീഴ്ച വരുത്തിയെന്ന ആരോപണം നിലനിൽക്കുന്നതിനിടെ കടാശ്വാസ പദ്ധതി നടപ്പാക്കണമെന്ന സർക്കാരിന്റെ ആവശ്യത്തോടു കേന്ദ്രം ക്രിയാത്മകമായി പ്രതികരിക്കുമോയെന്നാണു പൊതുവേ ഉയരുന്ന സംശയം. മൂന്നുവർഷത്തെ പലിശ വഹിക്കുമെന്ന ആദ്യ പ്രഖ്യാപനത്തെ തുടർന്നു സർക്കാർ അയച്ച സർക്കുലറിൽ എല്ലാ ബാങ്കുകളിലുമുള്ള കാർഷിക വായ്പകൾക്കു പലിശയിളവു ബാധകമാണെന്നാണു സൂചിപ്പിച്ചിരുന്നത്. ഇതനുസരിച്ചു ബാങ്കുകൾ നടത്തിയ കണക്കെടുപ്പു പ്രകാരം 2004 ഏപ്രിൽ മുതൽ പുറകോട്ടുള്ള മൂന്നു വർഷത്തെ 50,000 രൂപ വരെയുള്ള കാർഷിക വായ്പകളുടെ പലിശ 113 കോടി രൂപയാണ്.

ഇക്കാലയളവിൽ വായ്പ പുതുക്കിയതിന്റെ പലിശയും കൂടെ ഉൾപ്പെട്ട കണക്കാണിത്. അടച്ചുപുതുക്കിയ വായ്പകൾക്കു പലിശയിളവു സർക്കാർ പ്രഖ്യാപിച്ചിരുന്നില്ലെങ്കിലും ജില്ലാ ഭരണകൂടവും ബാങ്കുകളും നൽകിയ റിപ്പോർട്ടിനെ തുടർന്ന് ഇതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതിനിടക്കാണു കടശ്വാസം മൊത്തം അഞ്ചുവർഷമാക്കി സഹകരണ ബാങ്കുകളിലെ വായ്പകൾക്കുമാത്രം സർക്കാർ പലിശയിളവു പ്രഖ്യാപിച്ചിരിക്കുന്നത്. കിട്ടാക്കടം ലഭിക്കുമെന്നു കരുതി മൂന്നുവർഷത്തെ പലിശയുടെ കണക്കു ശേഖരിച്ച വാണിജ്യ - ദേശസാൽകൃത ബാങ്കുകളും പാക്കേജ് പരിഷ്കരണത്തെ തുടർന്നു ആശയക്കുഴപ്പത്തിലായിരിക്കുകയാണ്.

ആനയും ഉറുമ്പും

അദ്വാനി വീണ്ടും ബി.ജെ.പി. അധ്യക്ഷൻ

അടുത്ത അയോധ്യ എവിടെയാണോ?

യു.ഡി.എഫിനെ ഭയക്കാതെ സുധീരൻ മുന്നോട്ട്

■ ആർ.സുരേഷ്
തിരുവനന്തപുരം

മുന്നണിക്കും പാർട്ടിക്കുപുറത്തും ബന്ധങ്ങൾ ശക്തമാക്കാൻ വി.എം.സുധീരൻ ശ്രമം തുടങ്ങി. പാർട്ടിക്കുള്ളിൽ തിരുത്തൽ ശക്തിയായി നിലകൊള്ളുന്ന സുധീരൻ തന്റെ നിലപാടുകൾക്ക് അംഗീകാരം നേടിയെടുക്കുന്നതിനായാണ് ഈ നീക്കം ആരംഭിച്ചിട്ടുള്ളത്. ഇതോടെ കോൺഗ്രസിൽ പുതിയൊരു രാഷ്ട്രീയ ധ്രുവീകരണത്തിനും സാധ്യതയേറി.

തന്റെ നിലപാടുകളുമായി യോജിച്ചു നിൽക്കുന്നവരുമായി ചേർന്നു സർക്കാരിന്റെ തെറ്റായ നയങ്ങളെ തിരുത്തുകയാണ് ലക്ഷ്യം. അതോടൊപ്പം പാർട്ടിയിലും മുന്നണിയിലും അവഗണിക്കാനാകാത്ത ശക്തിയാണെന്നു തെളിയിക്കുന്നതിനും കൂടിയാണിത്. ഇതിന്റെ ഭാഗമായി സുധീരൻ സർക്കാർവിരുദ്ധ സമരക്കാർക്കുപോലും അഭിവാദ്യമർപ്പിക്കാനും എത്തുന്നുണ്ട്.

ഇന്നലെ പി.ഡി.പിയുടെ അനിശ്ചിതകാല നിരാഹാര സമരം സെക്രട്ടേറിയറ്റ് പടിക്കൽ ഉദ്ഘാടനം ചെയ്തതും സുധീരനായിരുന്നു. അവിടംകൊണ്ടും കാര്യങ്ങൾ അവസാനിപ്പിക്കാതെ തൊട്ടടുത്ത് മദ്യനയത്തിനെതിരായി കോൺഗ്രസ്(എസ്) സമരം നടത്തുന്ന സത്യഗ്രഹ പന്തലും അദ്ദേഹം സന്ദർശിച്ചു. പ്രതിപക്ഷ മുന്നണിയിലെ ഒരു പാർട്ടി നടത്തുന്ന സമരത്തിൽ അഭിവാദ്യമർപ്പിക്കാനെത്തിയെന്നു മാത്രമല്ല, അവിടെവച്ചുതന്നെ സർക്കാരിന്റെ മദ്യനയത്തെ വിമർശിക്കുകയും ചെയ്തു. ഇതിന് ഏതാനും ദിവസങ്ങൾക്കുമുൻപാണ് കോട്ടയത്തുനടന്ന എസ്.വരദരാജൻ നായർ അനുസ്മരണ സമ്മേളനത്തിലും അദ്ദേഹം പങ്കെടുത്തത്.

പി.ഡി.പിയുടെ നിരാഹാര സത്യഗ്രഹം ഉദ്ഘാടനം ചെയ്യാൻ സുധീരൻ എത്തിയതിനുപിന്നിൽ രാഷ്ട്രീയമാനങ്ങളുമുണ്ട്. യു.ഡി.എഫിനുള്ളിൽ സുധീരൻ ശക്തിയായി എതിർക്കുന്നത് കുഞ്ഞാലിക്കുട്ടിയെയാണ്. ഇതിലൂടെ ലീഗിന്റെ അപ്രമാദിത്വത്തിനു തടയിടാനാണ് സുധീരന്റേയും കോൺഗ്രസിലെ ഒരു വിഭാഗത്തിന്റേയും നീക്കം. അതുകൊണ്ടുതന്നെ ലീഗ് ഏറ്റവും ഭയത്തോടെ നോക്കിക്കാണുന്ന മഅ്ദനിയുടെ ജീവൻ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു പി.ഡി.പി. നടത്തുന്ന സമരത്തിൽ സുധീരന്റെ സാന്നിധ്യം ലീഗിനേയും അലോസരപ്പെടുത്തുന്നുണ്ട്.

ആന്റണി സുധീരനൊപ്പം ...പേജ് 5

ജീരകപ്പാറയിൽ വീണ്ടും വനംകൊള്ള; വൻമരങ്ങൾ മുറിച്ചുകടത്തി

■ ഷാജി മൈക്കാവ്
കോടഞ്ചേരി

ജീരകപ്പാറ വനത്തിൽ അധികൃതരുടെ ഒത്താശയോടെ വീണ്ടും വനംകൊള്ള. നൂറാംതോട് ബീറ്റിൽപെട്ട ഉടുമ്പൻപാറ, പൂഞ്ചോലപാറ, തേൻപാറ എന്നിവിടങ്ങളിലാണ് വ്യാപക വനംകൊള്ള നടക്കുന്നത്.

ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന പടുകൂറ്റൻ മരങ്ങളാണ് മുറിച്ചു കടത്തുന്നത്. കാട്ടുപ്ലാവ്, ചോരപ്പാലി, വെള്ളഅകിൽ, ചുവന്ന അകിൽ തുടങ്ങിയ മരങ്ങളാണ് മുറിച്ചു കടത്തിയവയിൽ ഏറെയും. ആയുർവേദത്തിൽ തോണി ചികിത്സയ്ക്ക് ആവശ്യമായ ചുവന്ന അകിലിന് 25000 മുതൽ 30000 വരെ വില ലഭിക്കും. മുറിച്ചിട്ട വെള്ള അകിലിന്റെ തലഭാഗം മാത്രമേ കടത്തിയിട്ടുള്ളു. ശേഷിക്കുന്ന അകിൽ തടിക്ക് 27 മീറ്റർ നീളവും മധ്യഭാഗത്ത് മൂന്നരമീറ്റർ വണ്ണവുമുണ്ട്. കഴിഞ്ഞ ശനിയാഴ്ച വനത്തിൽ എത്തിയ വനം വകുപ്പ് ഫ്ളയിംഗ് സ്ക്വാഡാണ് ലക്ഷങ്ങൾ വിലമതിക്കുന്ന കൂറ്റൻ മരങ്ങൾ മുറിച്ചതായി കണ്ടെത്തിയത്. ഫ്ളയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ വി.കെ ശ്രീവത്സൻ, ഫോറസ്റ്റർ മുരളീകൃഷ്ണ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധനയ്ക്ക് ശേഷം വനംകൊള്ള സ്ഥിരീകരിച്ചത്.

മരംവെട്ടിന് പുറമെ വ്യാപകമായ മൃഗവേട്ടയും നടന്നതിന്റെ തെളിവുകൾ ലഭിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടേയെന്ന് സംശയിക്കുന്ന എല്ലുകളും മറ്റു അവശിഷ്ടങ്ങളും സംഭവസ്ഥലത്ത് ചിതറിക്കിടപ്പുണ്ട്. വനത്തിനുള്ളിൽ പലേടങ്ങളിലും മരം അറക്കാനുള്ള 'കാവാര'വും കണ്ടെത്തിയിട്ടുണ്ട്. വനത്തിനുള്ളിൽ മാസങ്ങളോളം താമസിച്ചാണ് വനം മാഫിയ മരങ്ങൾ മുറിച്ച് കടത്തുന്നത്. വട്ടച്ചിറ ആദിവാസി കോളനിയുടെ മുകൾഭാഗത്ത് ചിപ്പിലിത്തോട്, നൂറാംതോട് വഴിയാണ് മരങ്ങൾ ഉരുപ്പടിയാക്കി കടത്തുന്നത്. നാല് മാസമായി ഇവിടെ മരംമുറി നിർബാധം തുടരുകയാണ്.

ഭക്ഷണവും മദ്യവും നൽകി ആദിവാസികളെ പ്രലോഭിപ്പിച്ചാണ് മരങ്ങൾ കടത്തുന്നത്. വനപാലകരുടെ ഒത്താശയോടെയാണ് മരം മുറി നടക്കുന്നതെന്ന ആരോപണം തള്ളിക്കളയാനാവില്ല. വനത്തിന് വനപാലകരുടെ കാവൽ തുടരുമ്പോഴും ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന വൻമരങ്ങൾ മുറിച്ചു കടത്തുന്നത് എങ്ങനെയെന്നതിന് ഉത്തരമില്ല.

താമരശേരി റെയിഞ്ചിന്റെ കീഴിലാണ് ജീരകപ്പാറ വനപ്രദേശം. വനത്തിനുള്ളിൽ വ്യാപകമായി മരംമുറി നടക്കുന്നതായി നാട്ടുകാർ ഫോറസ്റ്റ് ഓഫീസിൽ വിവരം അറിയിച്ചിട്ടും അധികൃതർ അനങ്ങുന്നില്ലെന്നും ആക്ഷേപം ഉയർന്നു.



■ വെള്ള അകിൽ മരം മുറിച്ചിട്ട നിലയിൽ

പരാതികൾ അറിയിക്കാൻ-ഫോൺ: 0481-2563589. (രാവിലെ 9.30 മുതൽ 5.30 വരെ)

സൂചിക ■ സ്വർണ്ണം (പവൻ) 4672(-) ■ വെളിച്ചെണ്ണ 6800 (-) ■ കുരുമുളക് (ക്വിൻറൽ) 6400(▲100) റബർ 5275(▲25) ■ ഡോളർ 45.00(-) യൂറോ 55.25(-) ■ പൗണ്ട് 80.45(-)